പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*132 | 06.03.2020-ൽ മറുപടിയ്ക്ക്

# സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള കോളേജുകൾ

*ചോദ്യം*

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

ശ്രീ. ടി.എ.അഹമ്മദ് കബീർ

ഡോ.എം. കെ. മുനീർ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഭൂരിപക്ഷം കോളേജുകൾക്കും നിലവാരമില്ലെന്ന് അക്കാദമിക് കൗൺസിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഈ കണ്ടെത്തലിനോട് ഗവേണേഴ്സ് ബോർഡ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ബാധകമല്ല |
| (സി) | സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ 9 സർക്കാർ, 3 എയ്ഡഡ്, 137 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. ഇതിൽ 33 കോളേജുകളുടെ പ്രോഗ്രാമുകൾക്ക് NBA അക്രഡിറ്റേഷൻ കിട്ടിയിട്ടുണ്ട്. ബാക്കിയുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് വിധേയമാകണം എന്ന് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം എന്നിവ നടപ്പാക്കി വരുന്നുണ്ട്. ഗവേഷണ/പരിശീലന പദ്ധതികൾ സംഘടിപ്പിച്ചുവരുന്നതിന്റെ ഭാഗമായി വ്യവസായിക രംഗത്തെ വിദഗ്ധൻമാരുടെയും സാങ്കേതിക വിദഗ്ധൻമാരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അദ്ധ്യപകർക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളും വഴി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസ്സുകളിലെത്തിക്കുന്നുണ്ട്.<br>ASAP - ന്റെ സഹായത്തോടു കൂടി സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.<br>എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ അധീനതയിലുള്ള കോളേജുകളിൽ പഠന |

| | | | |
|---|---|---|---|
| | | | ബോധന പ്രക്രിയയുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി 2015-16 അധ്യയന വർഷം മുതൽ അക്കാദമിക് ഓഡിറ്റിംഗ് നടത്തി വരുന്നു.<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം ഉൾപ്പെടെയുള്ള സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ തീരുമാനം പ്രവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ലഭ്യമാക്കിയിട്ടുണ്ട്.<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകളും പ്രൊഡക്ഷൻ & ട്രെയിനിംഗ് സെന്ററുകളും വഴി പ്രയോഗിക സംരംഭകത്വ പരിശീലനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഗവേഷണ പ്രവർത്തനങ്ങളോടൊപ്പം പേറ്റന്റ് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്.<br><br>കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>2) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ ആരംഭിച്ചിരിക്കുന്നത്.<br>3) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്" അഥവാ 'Scholar in Residence Scheme'. ദേശീയ / അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ